# തിരുവിതാംകൂർ ദേവസ്വം ബോർഡ്

''സ്വാമി ശരണം''

ഡിഎ.നം.86/22/B1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി: 09/02/2022

## സർക്കുലർ

വിഷയം:- ടെർമിനൽ സറണ്ടർ നൽകുന്നതിനും ക്ഷാമബത്ത കുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ക്രഡിറ്റ് തുക ആവശ്യപ്പെടേണ്ടതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 28/1/2022-ലെ ROC.18/19/Acc നമ്പർ ഉത്തരവ്.

2) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 29/1/2022-ലെ ROC.11900/11/Est -1 നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും 31/5/2021 വരെ വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒരു ഗഡുവായി നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ് (സൂചന 1). കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക (36%) സാമ്പത്തിക ലഭ്യതയനുസരിച്ച് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ് (സൂചന 2).

സൂചന 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/5/2021 വരെ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ നൽകുന്നതിലേയ്ക്കായി ഒരു ആഫീസിൽ നിന്നും ഒരു മാസം പരമാവധി 8 ലക്ഷം രൂപയിൽ കൂടുതൽ ക്രഡിറ്റ് തുക ആവശ്യപ്പെടാൻ പാടില്ലാത്തതാണ്.

സൂചന 2 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കുടിശ്ശിക (36%) പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നതിലേയ്ക്കായി മേൽപ്പറഞ്ഞ രീതിയിൽ ഒരു മാസം 10 ലക്ഷം രൂപയിൽ കൂടുതൽ ക്രഡിറ്റ് തുക ആവശ്യപ്പെടാൻ പാടില്ലാത്തതും ക്രഡിറ്റ് ലഭിച്ചതിന്റെ അടുത്ത ദിവസം തന്നെ ടി തുക അതേപടി ജനറൽ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

പ്രസ്തുത ക്രഡിറ്റുകൾക്ക് പ്രത്യേകമായി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകേണ്ടതും റിപ്പോർട്ടുകളിൽ തുകയുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

കൂടാതെ ശമ്പളം, ഇൻവോയിസ്, കറണ്ട്/വാട്ടർ ചാർജ്ജുകൾ തുടങ്ങിയ ദൈനംദിന ചെലവുകൾക്കായി നൽകുന്ന ക്രഡിറ്റ് തുകയിൽ നിന്നും ടെർമിനൽ സറണ്ടറോ ഡി.എ.കുടിശ്ശികയോ യാതൊരുകാരണവശാലും ചെലവെഴുതി നൽകാൻ പാടില്ലാത്തതാണ്

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:-

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
2) ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം ബോർഡ്(ആമുഖകത്ത് സഹിതം)
3) ഫിനാൻസ് കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം ബോർഡ്(ആമുഖകത്ത് സഹിതം)
4) ചീഫ് എഞ്ചിനീയർ (ജനറൽ),തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
5) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്(ആമുഖകത്ത് സഹിതം)
6) കൾച്ചറൽ ഡയറക്ടർ,തിരുവിതാംകൂർ ദേവസ്വം ബോർഡ്(ആമുഖകത്ത് സഹിതം)
7) ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
8) എക്സിക്യൂട്ടീവ് ആഫീസ്, ശബരിമല.................................................
9) എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്.................................................
10) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്.................................................
11) ഇ.ഡി.പി സെക്ഷൻ
12) സെക്ഷൻ ഫയൽ